ആരോഗ്യ സർവ്വകലാശാല-അഴിമതി ആരോപണം

118 (810) പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയിൽ നടക്കുന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ക്രമക്കേടുകളെക്കുറിച്ച് മുമ്പ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയകാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ ; ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) സർവ്വകലാശാല തലത്തിൽ 13-2-2015-ൽ ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം ഒരു മുന്നംഗ അന്വേഷണ കമ്മിറ്റിയെ നിയമിച്ചു. ഈ കമ്മിറ്റി രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വകലാശാലയുടെ അഫിലിയേഷൻ കാര്യങ്ങളെ സംബന്ധിച്ച് പുറപ്പെടുവിച്ച പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചകാര്യങ്ങളുടെ യഥാർത്ഥ വസ്തുത വിവരിച്ചുകൊണ്ട് സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. കൂടാതെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള റെക്കിഫിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. അക്കൗണ്ടന്റ് ജനറൽ തൃശ്ശൂർ ഓഡിറ്റ് വിഭാഗം 2014 മാർച്ച് 24-ാം തീയതി മുതൽ ഏപ്രിൽ 1-ാം തീയതിവരെ നടത്തിയ ഓഡിറ്റിൽ പ്രധാനപ്പെട്ട പാളിച്ചകൾ ഒന്നും കണ്ടെത്തിയിട്ടില്ല. ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കുറവുകൾ പരിഹരിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രോ വൈസ് ചാൻസലർക്ക് 2010 മെയ് മാസം അനുവദിച്ച അധിക ഇക വിജിലൻസ് ശിപാർശയെ ഉടർന്ന് തിരിച്ച് പിടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly